DOCKET NUMBER BPPKD31220000024

താലൂക്ക് തല അദാലത്ത് ഉപ സമിതി മുൻപാകെ തെങ്കര ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സമർപ്പിക്കുന്ന റിപ്പോർട്ട്

ശ്രീ. മരക്കാർ വകയിൽ വീട് കരിമ്പൻകുന്ന് തെങ്കര എന്നവർക്ക് മണ്ണാർക്കാട് 1 വില്ലേജിലെ സർവ്വേ നംപർ 183/3 ൽപ്പെട്ട 29 ആർ വസ്തുവിൽ പാർപ്പിടാവശ്യത്തിലേക്കായി നിർമ്മിച്ച 136 ച.മി വിസ്തീർണ്ണമുള്ള കെട്ടിടം ക്രമവൽക്കരിച്ച് ലഭിക്കുന്നതിന് ഈ കാര്യാലയത്തിൽ 05.04.2023 തിയ്യതിയിൽ എ3-2501/2023 നംപരായി സമർപ്പിച്ച അപേക്ഷ പ്രകാരം സാങ്കേതിക വിഭാഗം പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ചിരുന്നു. എന്നാൽ ടിയാൾ മേൽ അപേക്ഷയോടൊപ്പം ടിയാൾ സമർപ്പിച്ച കൈവശവകാശ സർട്ടിഫിക്കറ്റിൽ ടി വസ്തുവിൻറെ തരം നിലവും കരഭൂമിയും എന്ന് കാണിച്ചിരുന്നത് . എന്നാൽ 2008 ലെ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം പരമാവധി 120 ച.മി വിസ്തീർണ്ണം വരുന്ന വാസ ഗൃഹങ്ങൾക്ക് മാത്രമേ ഇളവിൽ അർഹതയുള്ളു എന്നതിനാൽ ടി ന്യൂനതകൾ പരിഹരിച്ച് പുതിയ പ്ലാൻ സമർപ്പിക്കുന്നതിന് ടി കക്ഷിക്ക് ഈ കാര്യലയത്തിൽ നിന്നും അറിയപ്പ് നൽകിയിരുന്നതുമാണ്. എന്നാൽ ആയത് പരിഹരിക്കാതെ മേൽ അപേക്ഷകൻ താലൂക്ക് തല അദാലത്ത് മുൻപാകെ മേൽ പരാതി നൽകുകയും അദാലത്ത് ഉപസമിതിയുടെ നിർദ്ദേശ പ്രകാരം വീണ്ടും ഗ്രാമ പഞ്ചായത്ത് സെക്രട്ടറി മേൽ ന്യൂനത ,പരിഹരിച്ച് പുതിയ പ്ലാൻ സമർപ്പിക്കുന്നതിന് മേൽ അപേക്ഷകന് വീണ്ടും 4.09.2024 ന് അറിയിപ്പ് നൽകിയരുന്നെങ്കിലും ആയത് നാളിതുവരെ ഈ കാര്യാലയത്തിൽ സമർപ്പിച്ചിട്ടില്ലാത്തതാകുന്നു അക്കാരണത്താൽ മേൽ അദാലത്ത് പരാതി ഫയലിൽ തുടർ നടപടികൾ സ്വീകരിക്കാൻ കഴിയാത്തത് എന്ന വിവരം ഇതിനാൽ അദാലത്ത് ഉപസമിതി മുൻപാകെ ബോധിപ്പിച്ച് കൊള്ളുന്നു.

Office of the Thenkara Grama Panchayath

AP Unnikrishnan

Secretary
Thenkara Grama Panchayat
Ph: 04924 226810